

# തിരുമുക്കുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക

മൈസൂർ മഹാരാജാവ് ടിപ്പുസുൽത്താന്റെ പടയോട്ടത്തിനു സാക്ഷ്യം വഹിച്ച പുരാതനമായ ഐരാണിക്കുളം മഹാദേവക്ഷേത്രത്തിന് ഒരു വിളിപ്പാട് അകലെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് തിരുമുക്കുളം. നൂറ്റാണ്ടുകളുടെ ചരിത്രം പറയുന്ന ശ്രീദുർഗ്ഗാഭഗവതി, ശ്രീകൃഷ്ണ, ശിവക്ഷേത്രങ്ങളും നഷ്ടപ്രതാപങ്ങളുടെ ഓർമ്മകൾ ഓമനിച്ചു സൂക്ഷിക്കുന്ന ചെറുപ്പിള്ളി സ്വരൂപം പോലുള്ള നമ്പൂതിരി ഇല്ലങ്ങളും തിരുവിതാംകൂർ മഹാരാജാവിന്റെ ("കവി രാജാവ്") ബഹുമതിക്കർഹരും ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ പരാമർശിക്കപ്പെടുന്നവരുമായ പ്രസിദ്ധ സംസ്കൃതകവികൾ സർവ്വശ്രീ ഒറവങ്കര നീലകണ്ഠൻ (1856-1916), ഒറവങ്കര ശങ്കരൻ (1877-1932) എന്നീ നമ്പൂതിരിമാരും ഈ നാടിന്റെ സ്വന്തമാണ്.

## കപ്പേളയുടെ പ്രാരംഭം

ഈ ഗ്രാമത്തിൽ 5 കി.മീ. തെക്കുകിഴക്ക്, ചാലക്കുടിപുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന അമലോത്ഭവ മാതാവിന്റെ നാമധേയത്തിലുള്ള കുണ്ടൂർ പള്ളിയാണ് പൂർവ്വ ദേവാലയം. ഈ ദേവാലയത്തിന്റെ കീഴിലായിരുന്ന തിരുമുക്കുളം കിഴക്കേമുറി, പടിഞ്ഞാറേമുറി സമുദായങ്ങൾ 1950-കളുടെ ആരംഭം മുതലേ സൂക്ഷിച്ച ഒരു സ്വപ്നമായിരുന്നു വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള ഒരു ആരാധനാലയം. 1956 മാർച്ച് 4-ാം തിയ്യതിയിലെ യോഗനിശ്ചയ പ്രകാരം തിരുമുക്കുളം വില്ലേജ് വക സർവ്വെ 18-ാം നമ്പറിൽ 26.5 സെന്റ് സ്ഥലം വാങ്ങി. വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിൽ ഒരു കപ്പേള സ്ഥാപിക്കുവാൻ അനുവാദം തേടിക്കൊണ്ട് 42 സമുദായാംഗങ്ങൾ ഒപ്പിട്ട് 1960 ജൂലായ് 10-ാം തിയ്യതി ബഹു. വികാരി ഫാ. ജോസഫ് വി. ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിൽ തൃശ്ശൂർ രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 780/60-ാം നമ്പർ കല്പനപ്രകാരം 1960 ജൂലായ് 11-ാം തിയ്യതി കപ്പേള സ്ഥാപനത്തിന് അനുവാദം നല്കി.

4 വർഷത്തെ പരിശ്രമത്തിന്റെ ഫലമായി പൂർത്തിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ കപ്പേളയുടെ വെഞ്ചരിപ്പ് ബഹു. ജോസഫ് ചക്കാലമറ്റത്ത് അച്ചന്റെ കാർമ്മികത്വത്തിൽ 1964 മാർച്ച് 1-ാം തിയ്യതി നടത്തപ്പെട്ടു. 1965 മുതൽ 1968 വരെയുള്ള കാലഘട്ടങ്ങളിൽ കപ്പേളയ്ക്കുവേണ്ട സ്ഥലങ്ങൾ വാങ്ങുകയും 1969-ൽ വർഷത്തിൽ 2 പ്രാവശ്യം ദിവ്യബലിക്കുള്ള അനുവാദം നേടുകയും, 1974-ൽ കപ്പേളയ്ക്കു

വിസ്താരം കൂട്ടുകയും ചെയ്തു.

## കുരിശുപള്ളി

കുണ്ടൂർ പള്ളിയുടെ കീഴിലുള്ള തിരുമുക്കുളം സമുദായാംഗങ്ങളും, തെക്കൻ താണിശ്ശേരി, മടത്തുംപടി ഇടവകാംഗങ്ങളും തിരുമുക്കുളം, മുട്ടകടവ്, കള്ളിയാട്, ചെത്തിക്കോട് എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ 89 വീട്ടുകാർ ഒന്നുചേർന്ന് ഞായറാഴ്ചകളിലും കടമുള്ള ദിനങ്ങളിലും ദിവ്യബലിയിൽ പങ്കുകൊള്ളുവാനുള്ള തങ്ങളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ അറിയിച്ച്, മാസവരി കൊടുത്തുകൊള്ളാമെന്ന സത്യവാങ്മൂലം നല്കിക്കൊണ്ട് വികാരി ബഹു. ഫ്രാൻസിസ് എടക്കളത്തൂരിന്റെ നേതൃത്വത്തിൽ തൃശ്ശൂർ രൂപതയുടെ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം പിതാവിന് 1975 ആഗസ്റ്റ് 4-ാം തിയ്യതി അപേക്ഷ സമർപ്പിക്കുകയും തത്ഫലമായി അഭിവന്ദ്യപിതാവ് തന്റെ 1405/75-ാം നമ്പർ കല്പനപ്രകാരം ഈ കപ്പേളയെ കുരിശുപള്ളിയായി ഉയർത്തി, 1975 ആഗസ്റ്റ് 15 മുതൽ ഒരു വർഷത്തേക്ക് പരീക്ഷണാർത്ഥം ദിവ്യബലികൾക്കുള്ള അനുവാദം നല്കുകയും ചെയ്തു. തുടർന്ന്, 1979 വരെ പ്രസ്തുത അനുവാദം പുതുക്കിക്കൊണ്ട് കല്പനകൾ പുറപ്പെടുവിച്ചിരുന്നു. ഈ കാലയളവിൽ കുണ്ടൂർ വികാരി റവ. ഫാ. ജോസ് എ. വാഴപ്പിള്ളിയുടെ നേതൃത്വത്തിൽ കുരിശുപള്ളി വിസ്തൃതമാക്കി. സിമിത്തേരി നിർമ്മാണം പൂർത്തിയാക്കി. ഇരിങ്ങാലക്കുട രൂപത ജന്മമെടുത്തശേഷം 1979 മുതൽ കുണ്ടൂർ പള്ളി വികാരിയോടൊപ്പം ഈ കുരിശുപള്ളിയുടെ മേലുള്ള സഹവികാരിയെന്ന അധികചുമതല മടത്തുംപടി പള്ളിവികാരിക്ക് നല്കുവാൻ രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ (9.5.1979) തീരുമാനമെടുത്തു.



സെന്റ് ആന്റണീസ് കപ്പേള

## ഇടവക

ഈ ദേവാലയം ഒരു ഇടവക പള്ളിയായി ഉയർത്തപ്പെടണമെന്ന സമുദായാംഗങ്ങളുടെ തീവ്രമായ ആഗ്രഹം മനസ്സിലാക്കിയ മടത്തുംപടി പള്ളി വികാരി റവ. ഫാ. ജോയ് കടമ്പാട്ടിന്റെ ഊർജ്ജസ്വലമായ പ്രവർത്തനഫലമായും 22.9.1982-ൽ കുണ്ടൂർ, മടത്തുംപടി പള്ളി വികാരിമാരുടെ റിപ്പോർട്ടും പരിഗണിച്ച് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് 404/83-ാം നമ്പർ കല്പന പ്രകാരം തിരുമുക്കുളം കുരിശുപള്ളിയെ 1983 ജൂൺ 1 മുതൽ ഇടവകപ്പള്ളിയായി ഉയർത്തി. പ്രഥമ വികാരിയായി റവ. ഫാ. ജോയ് കടമ്പാട്ടിനെ തന്നെ നിയമിക്കുകയും ചെയ്തു. 1983 മുതൽ പല വികാരിമാരുടെ നേതൃത്വത്തിൽ പുതുക്കിപ്പണിതു. മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിപ്പു നടത്തിയത് 1991 ജൂലായ് 1-ാം തിയ്യതിയാണ്.



കുരിശടി